## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 37.          26-09-2016-ലെ മറുപടിയ്ക്ക്

**സർക്കുലറുകളും ഉത്തരവുകളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു നടപടി**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.ഡി.കെ. മുരളി | ബഹു: മുഖ്യമന്ത്രി. |
| (എ) | സർക്കാരിന്റെ എല്ലാ സർക്കുലറുകളും ഉത്തരവുകളും സർക്കാർ വെബ്സൈറ്റിൽ കൃത്യമായി പ്രസിദ്ധീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എല്ലാ വകുപ്പുകളുമായി ബന്ധപ്പെട്ട ഉത്തരവുകളും സർക്കുലറുകളും യഥാസമയം സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) സർക്കാരിന്റെ എല്ലാ ഉത്തരവുകളും സർക്കുലറുകളും കൃത്യമായി സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.kerala.gov.in-ൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ക്യാബിനറ്റ് തീരുമാനങ്ങൾ / ഉത്തരവുകൾ, സർക്കാർ ഉത്തരവുകൾ / സർക്കുലറുകൾ എന്നീ രണ്ട് വിഭാഗമായി വെബ് സൈറ്റിന്റെ ഹോം പേജിൽ ലഭ്യമാണ്. |
| (ബി) | സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച പല ഉത്തരവുകളും വളരെ വേഗം വെബ് സൈറ്റിൽ നിന്നും പിൻവലിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ നൽകിയ ഉത്തരവുകളൊന്നും തന്നെ പിൻവലിച്ചിട്ടില്ല. |
| (സി) | സംസ്ഥാന സർക്കാരിന്റെ എല്ലാ ഉത്തരവുകളും സർക്കുലറുകളും യഥാസമയം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും എല്ലാക്കാലത്തും അവ പൊതുജനങ്ങൾക്ക് ലഭ്യമാകത്തക്ക തരത്തിൽ ദീർഘകാലം നിലനിർത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ? | (സി) ഉത്തരവുകളും, സർക്കുലറുകളും സമയബന്ധിതമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനും, അവ ദീർഘകാലത്തേയ്ക്ക് നിലനിർത്തുന്നതിനും വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ കീഴിലുള്ള വെബ് & ന്യൂ മീഡിയാ വിഭാഗം പ്രവർത്തിയ്ക്കുന്നുണ്ട്. |

Chitra

സെക്ഷൻ ഓഫീസർ